# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4026

11-11-2019 ൽ മറുപടിയ്ക്ക്

# തുറമുഖ വകുപ്പിൽ നിന്ന് കേരള മാരിടൈം ബോർഡിലേക്ക് മാറ്റപ്പെട്ട ജീവനക്കാർ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി.ടി.എ. റഹീം : | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ മന്ത്രി) |
| (എ) തുറമുഖ വകുപ്പിൽ നിന്ന് കേരള മാരിടൈം ബോർഡിലേക്ക് മാറ്റപ്പെട്ട ജീവനക്കാരെ സർക്കാർ ജീവനക്കാരായി നിലനിർത്തുന്ന - തിനുള്ള എന്തെല്ലാം നടപടിക - ളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ള - തെന്ന് വിശദമാക്കാമോ ; | (എ) യും (ബി) യും | തുറമുഖ വകുപ്പിലെ ജീവനക്കാരെ കേരളാ മാരിടൈം ബോർഡിലേക്ക് മാറ്റിയതിനെ തുടർന്ന് ടി വകുപ്പിലെ ഉദ്യോഗസ്ഥർ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ.നം.1716/2018 കേസിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമനം, സേവന വേതന വ്യവസ്ഥകൾ തുടങ്ങിയവയിന്മേലുള്ള ജീവനക്കാരുടെ ആശങ്കകൾ ചർച്ച ചെയ്യുന്നതിനായി 19-08-2019 ൽ തുറമുഖ വകുപ്പ് സെക്രട്ടറി സർവ്വീസ് സംഘടനാ പ്രതിനിധികളുടെ ഒരു യോഗം വിളിച്ചു ചേർക്കുകയുണ്ടായി. യോഗത്തിൽ ഉയർന്നുവന്ന ആവശ്യങ്ങൾ നിയമവകുപ്പിന്റെ സഹായത്തോടെ പരിശോധിച്ചു വരികയാണ്. |
| (ബി) അതത് കാലത്ത് പ്രാബല്ല്യത്തിൽ വരുന്ന സർക്കാർ തീരുമാനങ്ങൾ, നിയമങ്ങൾ, ചട്ടങ്ങൾ ഇവയുടെ പ്രയോജനം കേരള മാരിടൈം ബോർഡിലേക്ക് മാറ്റപ്പെട്ട തുറമുഖ ജീവനക്കാർക്ക് കൂടി ലഭ്യമാകും വിധം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി - കൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ ? | | |

സെക്ഷൻ ഓഫീസർ